"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്ക് ഓഫീസ് പ്രവർത്തിച്ച് വരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2683/2024/RD തീയതി,തിരുവനന്തപുരം, 10-11-2024

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്) നം.1/2022/പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.01.2022, 10.05.2023, 09.02.2024 തീയതിയിലെ എൽ.ആർ/8533/2021-എൽആർ(ജി7) നമ്പർ കത്തുകൾ.
4. 06.04.2022 തീയതിയിലെ സ.ഉ.(സാധാ) നം.1578/2022/റവ നമ്പർ സർക്കാർ ഉത്തരവ്.
5. 05.08.2024 തീയതിയിൽ കൂടിയ പൊതുമരാമത്ത് വകുപ്പ് റെന്റ് കമ്മിറ്റി യോഗതീരുമാനം.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്ക് ഓഫീസ് 20/03/2014 മുതൽ 15/01/2017 വരെ ഉപ്പള ടൗണിൽ സിറ്റി ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് എന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിച്ചു വരികയായിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ വാടക ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.ജി7/59394/2018 നമ്പർ നടപടിക്രമം പ്രകാരം 25,654/- രൂപയായി നിശ്ചയിച്ച് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത താലൂക്ക് ഓഫീസ് 16/01/2017 മുതൽ സൗകര്യപ്രദമായ രീതിയിൽ ശ്രീ.മുഹമ്മദ് ഇബ്രാഹിം, ശ്രീ.പി.എസ്.ഇബ്രാഹിം, ശ്രീ.ഹസൈനാർ, ശ്രീ.മുഹമ്മദ് എന്നിവരുടെ ഉടമസ്ഥതയിലുള്ള മംഗൽപ്പാടി പഞ്ചായത്തിലുള്ള MGP-IV-46 F 49 to 62, 75 to 82 നമ്പർ മുറികളിലായി പ്രവർത്തിച്ച് വരികയാണ്.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ അനുവദനീയമായ ഏരിയയായ 299.42 ച.മീ. ന് ആനുപാതികമായി 62,048/- രൂപയും കെട്ടിടത്തിന്റെ ഒക്യൂപൈഡ് ഏരിയയായ 494.38 ച.മീ ന് ആനുപാതികമായി 81,689/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. മഞ്ചേശ്വരം താലൂക്ക് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമുള്ള സ്ഥലവും സൗകര്യവും ലഭ്യമാകാത്തതിനാലാണ് ഒരേ നിലയിൽ രണ്ട് ഭാഗത്തായി വാടകയ്ക്ക് എടുത്തിട്ടുള്ളതെന്നും ഓഫീസിലെ ജീവനക്കാർക്ക് ആവശ്യമായ സ്ഥലക്രമീകരണത്തിനു പുറമെ താലൂക്ക് വികസന സമിതിയുടെ മീറ്റിംഗ് നടത്തുന്നതിനായിട്ടും 24 മണിക്കൂറും പ്രവർത്തിക്കുന്ന ദുരന്തനിവാരണ കൺട്രോൾ റൂം പ്രവർത്തനത്തിനായിട്ടും അധിക സ്ഥലം ആവശ്യമാണ് എന്നും

കൂടാതെ റിക്കാർഡുകൾ സൂക്ഷിക്കുന്നതിനായും പൊതു തിരഞ്ഞെടുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനവുമായി ബന്ധപ്പെട്ട് പല സാധനസാമഗ്രികളും സൂക്ഷിക്കേണ്ട സാഹചര്യവുമുണ്ടെന്നതിനാൽ ടി കെട്ടിടത്തിന്റെ ഒക്യൂപൈഡ് ഏരിയയ്ക്കുള്ള വാടകയായ 81,689/- രൂപ വാടക നിർണ്ണയിച്ച് ഉത്തരവാകണമെന്നും റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] തുടർന്ന്, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന് അനുവദനീയമായ 299.42 ച.മീ വിസ്തീർണ്ണത്തിന് പകരം 494.38 ച.മീ വിസ്തീർണ്ണം ഉപയോഗിക്കുന്നതിന് അനുമതി നൽകി പരാമർശം 4 പ്രകാരം സർക്കാർ ഉത്തരവാകുകയുണ്ടായി.

4] പ്രസ്തുത വിഷയം 05.08.2024 തീയതിയിൽ കൂടിയ പൊതുമരാമത്ത് വകുപ്പിന്റെ റെന്റ് കമ്മിറ്റി യോഗം പരിഗണിക്കുകയും കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്ക് ഓഫീസ് 16/01/2017 തീയതി മുതൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് ഏരിയയായ 494.38 ച.മീ ന് ആനുപാതികമായി 81,689/- രൂപ സ്പെഷ്യൽ റെന്റ് ആയി നിർണ്ണയിക്കുന്നതിന് അംഗീകാരം നൽകുകയുമുണ്ടായി.

5] മേൽ സാഹചര്യത്തിൽ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്ക് ഓഫീസ് 16/01/2017 തീയതി മുതൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് ഏരിയയായ 494.38 ച.മീ ന് ആനുപാതികമായി 81,689/- രൂപ (എൺപത്തി ഒന്നായിരത്തി അറുന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം) സ്പെഷ്യൽ റെന്റ് ആയി നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു. പുതുക്കിയ വാടക നിരക്കിന് 16/01/2017 തീയതി മുതൽ 5 വർഷത്തെ കാലാവധി ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ് (19.10.2024-ലെ ഇ2/28/2022-പൊമവ പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 11-11-2024 10:51:03